# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5072** **22.05.2017-ന് മറുപടിയ്ക്ക്**

**ബാലുശ്ശേരി കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള ഭൂമി**

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18-4-2017-ലെ ബി2/165/2017/റവ. നമ്പർ നിർദ്ദേശ പ്രകാരം തടസ്സങ്ങളുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കാമോ;<br><br>(ബി) കോഴിക്കോട് ജില്ലാ കളക്ടർ 6-5-2017 ന് DCKKD/2576/2017-B2 നമ്പർ കത്ത് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കയച്ചതു പ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നറിയിക്കാമോ;<br><br>(സി) കോവിലകം താഴെപാലം അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള നിർബന്ധിത ഭൂമി ഏറ്റെടുക്കുന്നതിനായി 1-1-2014 മുതൽ നിലവിൽ വന്ന എൽ.എ.ആർ. ആക്ട് 2013 എൽ.എ.ആർ. റൂൾസ് 2015 പ്രകാരം ഉത്തരവാകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;<br><br>(ഡി) ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ ഉത്തരവ് ത്വരിതഗതിയിലാക്കാമോ? | **(എ) യും (ബി) യും (സി) യും (ഡി) യും**<br><br>കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴം പാലത്തിനു വേണ്ടി ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ 15/12/2015-ലെ സ.ഉ(ആർ.റ്റി) 6625/15/RD പ്രകാരം അനുമതി നല്കിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലക്ക് ഭൂമി കൈമാറാൻ കക്ഷികൾ സന്നദ്ധരല്ലാതെ വന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടന്നില്ല.<br><br>18-4-2017-ലെ ബി2/165/2017/റവ. നമ്പർ കത്ത് പ്രകാരം, നെഗോഷ്യേറ്റഡ് പർച്ചേസ് ആയി ഏറ്റെടുക്കാൻ ഉത്തരവായ പ്രസ്തുത സ്ഥലം പൊന്നുംവില നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുവാനുള്ള നിർദ്ദേശമാണ് നൽകിയത്. ഭൂമി വിട്ടുനൽകേണ്ട വ്യക്തി നെഗോഷ്യേറ്റഡ് പർച്ചേസിന് തയ്യാറല്ലാത്തതിനാൽ ഉഭയകക്ഷി ചർച്ചയിലൂടെ സമവായത്തിലെത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനു പകരം 01/01/2014 മുതൽ നിലവിൽ വന്ന എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരം ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ 6-5-2017 ന് കത്ത് നൽകുകയുണ്ടായി. 10.05.2017-ന് ചീഫ് സെക്രട്ടറി അധ്യക്ഷയായി കൂടിയ SLEC-SLMC കമ്മിറ്റി, പ്രസ്തുത ശുപാർശ പരിശോധിക്കുകയും ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ 15/12/2015-ലെ സ.ഉ.(ആർ.റ്റി) 6625/15/RD നം. സർക്കാർ ഉത്തരവ് റദ്ദ് ചെയ്യാനും, LARR Act 2013 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭരണവകുപ്പായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകാനും തീരുമാനിച്ചു. ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് മുഖാന്തിരം ഉത്തരവാകുന്ന മുറയ്ക്ക് 01/01/2014-ൽ നിലവിൽ വന്ന നിയമവും ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ അർത്ഥനാധികാരി പാലിക്കുകയാണെങ്കിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ